5G

# ലൈക്ക്(Like)

നിങ്ങൾ ഇത് എത്ര ലൈക്കാണ് മാഷേ ദൈവത്തിന് കൊടുക്കുന്നത്? ഓരോ പ്രാർത്ഥനാനേരത്തും എത്ര വിശേഷണങ്ങളാണ് നല്കുക. പരിശുദ്ധനാണ്. ബലവാനാണ്. മരണമില്ലാത്തവനാണ്. അപ്രമേയനാണ്. അവർണ്ണനീയനാണ്. പ്രവൃത്തികൾ വിസ്മനീയമാണ്. അവാച്യവും അഗോചരവുമാണ്. എണ്ണിയാലൊടുങ്ങില്ല. (പകുതിയോളം വാക്കുകളുടെ അർത്ഥം ഇപ്പോൾ ദൈവത്തിനു മാത്രമേ അറിയൂ എന്നാണ് തോന്നുന്നത്.) ഇതൊരുതരം സുഖിപ്പിച്ച് കാര്യം നേടുന്ന മാതിരിയുണ്ട്. ഏയ്, ദൈവവും കോഴ വാങ്ങുമോ? അത് മാത്രമല്ല സന്ദേഹം. ഏത് അപ്പനാണ് മക്കൾ പട്ടിണികിടക്കുന്നതിലും കഷ്ടപ്പെടുന്നതിലും പ്രീതിപ്പെടുക? ഉപവാസങ്ങളും കുമ്പിട്ട് നമസ്ക്കാരങ്ങളുമൊക്കെ ഒരുതരം ഫ്യൂഡലിസ്റ്റ് കാലത്തെ വേ ഓഫ് പ്ലീസിംഗ് ഓർ പണീഷിങ്ങ് പോലെ തോന്നുന്നു! ഇത്തരം സുഖിപ്പിക്കലുകളുടെ ദീർഘപ്രാർത്ഥനകളോടും ബദ്ധപ്പാടുകളോടും യോജിക്കാനാവുന്നില്ല. Bcz God is loving, caring and He knows everthing, then y shld v? ലഭിച്ച sms-ലെ അവസാനത്തെ വരി ഒട്ടും മാറ്റം വരുത്താതെയാണ് ചേർത്തിരിക്കുന്നത്. ന്യൂ ജനറേഷൻ ചോദ്യകർത്താവിനെ വിധിക്കാൻ വരട്ടെ? ഉറക്കെ ചിന്തിക്കേണ്ടതുണ്ടെന്ന തോന്നൽ കൊണ്ടാണ് അല്പം പരുഷമായ ഭാഷയുണ്ടെങ്കിലും ചോദ്യം എഡിറ്റ് ചെയ്യാഞ്ഞത്! പരിഭവിക്കരുത്!

അവനോട് പറയാൻ കുറേ ഉത്തരങ്ങളുണ്ട് കൈവശം. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സത്താപരമായ വ്യത്യാസം (ontological difference), ഇവയ്ക്കിടയിലുള്ള അപരിഹാര്യമായ വിടവ് (diastema), സ്രഷ്ടാവിന്റെ അഗ്രാഹ്യത (incomprehensibility of God), എന്നിങ്ങനെ ദൈവശാസ്ത്രപരമായ ചിലതുണ്ട്. ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന അഭിസംബോധനയിലൂടെ നമ്മുടെ പാപാവസ്ഥയുടെ തിരിച്ചറിവുകൾ സാധ്യമാകുന്നു എന്ന മല്പാനപ്പച്ചന്റെ ഉത്തരമുണ്ട്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന നാമധേയങ്ങൾ പോലും മനുഷ്യന്റെ ദൈവാനുഭവത്തിന്റെ പദപ്രയോഗങ്ങൾ മാത്രമാണ്, മറിച്ച്, ദൈവസത്ത അതാണ് എന്ന തീർത്തുപറയൽ അല്ല എന്നുള്ള കപ്പദോക്യൻ പാഠമുണ്ട്. നമ്മുടെ നേതി നേതി ലൈൻ തന്നെ. പ്രശ്നമതല്ല. ഇത്ര കടുപ്പത്തിലങ്ങോട്ട് തുടർന്നാൽ അവൻ കേട്ടുനില്ക്കാൻ സാധ്യതയില്ല. പോരാത്തതിന് നിങ്ങളുടെ പള്ളി പ്രസംഗത്തിന്റെ ലാംഗ്വേജ് ഞങ്ങൾക്ക് മനസ്സിലാവില്ലെന്ന പരാതിയും കുറേ നാൾ മുമ്പേ തുടങ്ങിയതാണ്.

പുതിയ കാലത്തിന്റെ കോർപറേറ്റ് രീതി ശാസ്ത്രങ്ങൾ ആത്മീയ പരിസരങ്ങളിലും കലരുന്നതിന്റെ ഒരു ലക്ഷണമായിട്ടാണ് ഈ ചോദ്യം അനുഭവപ്പെട്ടത്. അധികാരവർഗ്ഗപ്രീണനനയവും (സുഖപ്പിച്ച് നിർത്തലെന്ന് സാധാരണ മലയാളം) അതിനു സ്വീകരിക്കുന്ന അവിഹിത മാർഗ്ഗങ്ങളും ദൈവ-മനുഷ്യ ബന്ധത്തിലും ആകാമെന്ന അജ്ഞതയുടെ ഇരുട്ട് പരക്കുന്നുണ്ട്. വെളിച്ചത്തിൽ നിന്നുള്ള വീഴ്ച എക്കാലവും അഹന്തയുടെ പരിണിതിയാണ്. അഹന്തയുടെ വിളംബരവേളയായി നമ്മുടെ ആരാധനകൾ മാറുമ്പോൾ അവയുടെ സാരം മറക്കുന്നു. അങ്ങനെയവ 'നിസ്സാര'സംഗതികളായിത്തീരുന്നു.

എന്താണ് ആരാധനകളിലൂടെ സംഭവിക്കേണ്ടത്? സത്യത്തിൽ ഓരോ പ്രാർത്ഥനകളും നമ്മെ കൂടുതൽ വിനീതരാക്കുകയാണ് ചെയ്യേണ്ടത്. നീ ആകാശത്തിലേയ്ക്ക് നോക്കുക. ഒരു കടൽ തീരത്തെത്തുക . താഴ്‌വാരത്ത് നിന്നു പർവ്വതങ്ങളെ കാണുക. ഇവിടെയല്ലാം നിന്റെ ഉള്ളിൽ വിസ്മയമുണരുന്നു. ഒപ്പം ഒരവബോധവും. എത്ര ചെറുതാണ് എന്നു തന്നെ. നിസ്സാരതയെയും പരിമിതികളെയും കുറിച്ച് ഒരോർമ്മപ്പെടുത്തലും ഉണ്ടാവുന്നു. ആകാശങ്ങളും ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളും ഭൂമിയും സമുദ്രവും ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരെയും പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും കാരകിലുകളും ഇങ്ങനെ സകലവും സൃഷ്ടിച്ചവന്റെ മുമ്പാകെ എത്തുമ്പോൾ എന്താണ് സംഭവിക്കേണ്ടത്. സത്യത്തിൽ ഓരോ തവണയും പ്രാർത്ഥനയ്ക്കെത്തുമ്പോൾ നാം അഡ്രസ്സ് ചെയ്യുന്നത് infinity-യെ തന്നെയാണ് സഖേ! നിശ്ചയമായും നമ്മുടെ finite nature-നെക്കുറിച്ചുള്ള ഒരു ധാരണയാണ് അവിടെ രൂപപ്പെടേണ്ടത്. അഹന്തയുടെ മരണം തുടങ്ങുന്ന നിമിഷം.

പരമ നന്മയായും പൂർണ്ണവിശുദ്ധിയായും നിറസ്നേഹമായും അളവറ്റ കരുണയായുമെല്ലാം നിരവധി അപദാനങ്ങൾകൊണ്ട് ദൈവത്തെ പാടുന്നു. (നിന്റെ ഭാഷയിൽ സുഖിപ്പിക്കൽ.) വിശ്വാസിയെ സംബന്ധിച്ചിടത്തോളം പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ക്രിസ്തുവിൽ വെളിപ്പെട്ട അനുഭവങ്ങളാണ് പരമസത്യത്തിന്റെ വിശേഷണപദങ്ങളാവുക. ഇത്തരം പ്രാർത്ഥനകൾ നമ്മുടെ ജീവിതത്തിന്റെ അപൂർണ്ണതകളെ ഓർമ്മപ്പെടുത്തുക മാത്രമല്ല, പിന്നെയോ മനുഷ്യപൂർണ്ണിമയിലേയ്ക്കുള്ള ഒരു ഭാവുകത്വപരിണാമസാധ്യതയുടെ ഏറ്റുപറച്ചിൽ കൂടെയാണത്. അന്യായമായി വിധിക്കപ്പെട്ടിട്ടും self-defence-നു മുതിരാതിരിക്കുക. ഒപ്പം നട

ന്നവരുടെ ചതിവുകളെ ദീർഘക്ഷമകൊണ്ട് എതിരിടുക. അഹങ്കാരികളുടെ അവിവേകങ്ങളെ പ്രാർത്ഥനകൊണ്ട് പ്രതിരോധിക്കുക. തികച്ചും വിപരീതമായ സാഹചര്യങ്ങളിൽ ഇത്ര ക്രിയേറ്റീവ് റെസ്പോൺസ് കാട്ടിത്തന്ന തമ്പുരാനെയാണ് നാം ആരാധിക്കുക. എന്തിന്? ഇത് കേവലം പുകഴ്ത്തലല്ല; പിന്നെയോ അവന്റെ ഗുണ ങ്ങളെ പ്രാക്ടീസ് ചെയ്യാൻ വേണ്ടിത്തന്നെയാണ്! പ്രാർത്ഥനകൾ നമ്മിലുളവാകുന്ന ഗുണവർദ്ധനവിനെക്കുറിച്ച് തന്നെയാണ് പറഞ്ഞത്. അപ്പോൾ ദൈർഘ്യം കൂടിയാലും വലിയ തെറ്റില്ലെന്ന് മനസ്സിലായില്ലേ! അവന്റെ ദിവ്യഭാവങ്ങളെ വാഴ്ത്തിപ്പാടി നാം വീണ്ടും വീണ്ടും ലൈക്ക് ചെയ്യുന്നത് ശരിക്കും അവന്റെ likeness-ലേയ്ക്ക് വളരുന്നതിനാണ് സഖേ! തിരുവെഴുത്തിന്റെ ഭാഷയിൽ 'to be like Christ or to be with Christ'എതൊക്കെ പറയാം. പിന്നെ മക്കളെ കഷ്ടപ്പെടുത്തുന്ന അപ്പനെക്കുറിച്ചുള്ള നിന്റെ മനോവിഷമം കേട്ടപ്പോൾ ശരിക്കും ദൈവപുത്രനായ മശിഹായുടെ കഷ്ടാനുഭവങ്ങളെ ധ്യാനിച്ച് മൗനമായിരിക്കുന്നതാണ് നന്നെന്നു കരുതി.

ഇനി പറയുന്നത് പുറത്താരും കേൾക്കേണ്ട. നിനക്ക് മനസ്സിലാവാൻ നിന്റെ ലാംഗ്വേജിൽ പറയുന്നു എന്നേയുള്ളൂ. ഉപമിക്കാനേ പറ്റില്ല. എന്നാലും ഗതികേട് കൊണ്ടാണ്. നിനക്കും ചില സ്നേഹിതർക്കും സച്ചിൻ തെൻഡുൽക്കറോട് (ഇതുപോലെ പലരോടും) വലിയ ആരാധനയാണല്ലോ. പല രീതിയിലാണ് ഫാൻസ് പ്രവർത്തനങ്ങൾ. ചിലർ അതേ നമ്പർ ജഴ്സി വാങ്ങിയണിയും. ചിലർ ബാറ്റിൽ MRF-ന്റെ സ്റ്റിക്കർ പതിപ്പിക്കും. വളരെക്കുറച്ച് പേർ മാത്രം സച്ചിനെപ്പോലെ പ്രാക്ടീസ് ചെയ്യും. 'കരീയറോ, ടൂർണമെന്റോ, ഒരു മാച്ചോ അല്ല പിന്നെയോ നേരിടുന്ന ഓരോ പന്തിനെയുമാണ് പ്രധാന ലക്ഷ്യമായി താൻ വച്ചത്' എന്നാണ് ആത്മകഥയിൽ (playing it my way) സച്ചിൻ പറയുക. ശരിക്കും ആയുസ്സിന്റെ 'ഓരോ നിമിഷങ്ങ ളെയും' ഗൗരവത്തിലെടുക്കുവാൻ നാമെന്നാണ് പഠിച്ചു തുടങ്ങുക. മിക്കവാറുമൊക്കെ നമ്മുടേത് വെറും വേഷം കെട്ടലാവുന്നു. ചിലനേരം വെറും ഷോ ഓഫുകളും. എത്ര കുറച്ചുപേരാണ് നല്ല പ്രാക്ടീസിനുവേണ്ടി സമർപ്പിക്കുക.

Imitation of Christ അനുനിമിഷം ജീവിതത്തിൽ സംഭവിക്കേണ്ട യാഥാർത്ഥ്യമാണ്. ആരാധനകൾ അതിലേയ്ക്കുള്ള വാതായനങ്ങളാണ്. തൻ സാമ്യം നാം പൂണ്ടിടുവാൻ നമ്മുടെ സാമ്യമവൻ പൂണ്ടു എന്ന് പാടുന്നത് മരിച്ചാലും മറക്കരുത് സഖേ! എങ്കിലേ ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും അവനെ പ്രസാദിപ്പിക്കുന്നതിൽ നമുക്കും അഭിമാനമുണ്ടാകൂ!

ക്രിസ്ത്യാനികളെ തെരഞ്ഞ് പിടിച്ച് കൊല്ലുന്ന ഈ കാലത്ത് ക്രിസ്തുവിനെ അനുകരിക്കുന്നവർ എന്ന നിലയിൽ ഒരു മതപീഢനം ഏല്ക്കേണ്ടിവരുമെന്ന ഭയമൊന്നും നമുക്ക് വേണ്ട സുഹൃത്തേ! കാരണം ഇത്രയും പെരുന്നാളുകളും കൺവൻഷനുകളും നടത്തിയിട്ടും ഒരു മൈക്ക് ഓപ്പറേറ്റർപോലും മൈക്ക് സെറ്റും ലൈറ്റും (വള്ളവും വലയും എന്ന ബൈബിൾ ഭാഷ) ഉപേക്ഷിച്ച് നമ്മുടെ പിന്നാലെ പോന്നിട്ടില്ലല്ലോ!